## പതിനാലാം കേരളനിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 1973** — **06.02.2019-ൽ മറുപടിക്ക്**

### മുനമ്പത്തെ മനുഷ്യക്കടത്ത് സംബന്ധിച്ച അന്വേഷണം

**ചോദ്യം**

**ശ്രീ.വി.ഡി.സതീശൻ**
**,, ഹൈബി ഈഡൻ**
**,, പി.ടി. തോമസ്**
**,, അൻവർ സാദത്ത്**

**മറുപടി**

**പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

(എ) മുനമ്പത്ത് നിന്നും മത്സ്യബന്ധന ബോട്ടിൽ ഇരുന്നൂറിലധികം പേരെ അനധികൃതമായി വിദേശ രാജ്യത്തേക്ക് കടത്തിയ സംഭവത്തിന്റെ അന്വേഷണം ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ;

(എ) മുനമ്പത്തുനിന്നും മത്സ്യബന്ധന ബോട്ടിൽ ഇരുന്നൂറിലധികം പേരെ അനധികൃതമായി വിദേശ രാജ്യത്തേക്ക് കടത്തിയ സംഭവത്തിന് വടക്കേക്കര പോലീസ് സ്റ്റേഷൻ ക്രൈം 36/2019 u/s 102 CrPC ആയും, മുനമ്പം പോലീസ് സ്റ്റേഷൻ ക്രൈം 43/19 u/s 102 CrPC ആയും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. വടക്കേക്കര പോലീസ് സ്റ്റേഷൻ ക്രൈം 36/2019 ആയി രജിസ്റ്റർ ചെയ്ത കേസ്സിന്റെ അന്വേഷണത്തിൽ, സെക്ഷൻ 12(1)(a) of Passport Act, 1967; Sec.10, 22 r/w 24 (1)(a) of Emigration Act, 1983; Sec. 14(A)(a)(D) of Foreigners Act, 1946; Sec. 109,120(b),468,471 of IPC പ്രകാരമുള്ള കുറ്റകൃത്യം നടന്നതായി വെളിവായിട്ടുള്ളതിനാൽ ടി സെക്ഷനുകൾ ചേർത്ത് അന്വേഷണം നടത്തിയിട്ടുണ്ട്. അന്വേഷണത്തിൽ ഇതിന് നേതൃത്വം നൽകിയ 9 പേരെ തിരിച്ചറിഞ്ഞിട്ടുള്ളതും ആയതിൽ 3 പേരെ അറസ്റ്റ് ചെയ്ത് റിമാന്റ് ചെയ്തിട്ടുള്ളതുമാണ്. എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവിയുടെ നേതൃത്വത്തിൽ രൂപീകരിച്ചിട്ടുള്ള അന്വേഷണ സംഘം ഊർജ്ജിതമായി അന്വേഷണം നടത്തിവരുന്നു.

| | | | |
|---|---|---|---|
| (ബി) | മുനമ്പം സംഭവത്തെ കുറ്റകരമല്ലാത്ത അഭയാർത്ഥി കുടിയേറ്റമായി ചിത്രീകരിച്ച് മനുഷ്യക്കടത്തിന്റെ ഗൗരവം കുറയ്ക്കുവാൻ ബോധപൂർവ്വമായ ശ്രമം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | തീരദേശ മേഖലയിലെ ഇത്തരം ക്രമവിരുദ്ധ സംഭവങ്ങൾ സംബന്ധിച്ച ഇന്റലിജൻസ് മുന്നറിയിപ്പുകൾ അവഗണിച്ചതാണ് ഇപ്പോഴത്തെ മനുഷ്യക്കടത്തിന് ഇടയാക്കിയത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | രാജ്യസുരക്ഷയ്ക്ക് തന്നെ കടുത്ത ഭീഷണി ഉയർത്തുന്ന ഇത്തരം സംഭവങ്ങൾ സംസ്ഥാന ആഭ്യന്തര വകുപ്പിന്റെ വീഴ്ചയായി കരുതുന്നുണ്ടോ; എങ്കിൽ അതിന് ഉത്തരവാദിത്തപ്പെട്ടവർക്കെതിരെ മാതൃകപരമായ ശിക്ഷാ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | (ഡി) | ഇക്കാര്യത്തിൽ ആഭ്യന്തര വകുപ്പിന് വീഴ്ച പറ്റിയതായി വിലയിരുത്തിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**